# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1100 — 14.06.2012 ൽ -മറുപടിക്ക്

## റേഷൻകാർഡ് തയ്യാറാക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം റേഷൻകാർഡിനായുള്ള എത്ര അപേക്ഷകൾ സിവിൽ സപ്ലൈസ് ഓഫീസുകളിൽ തീർപ്പ് കല്പിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | സിവിൽ സപ്ലൈസ് വകുപ്പിന്റെ താലൂക്ക് സപ്ലൈ ഓഫീസ് / സിറ്റി റേഷനിംഗ് ഓഫീസുകളിലായി പുതിയ റേഷൻ കാർഡിന് ലഭിച്ചതിൽ 7890 ഉം കാർഡ് സംബന്ധമായ മറ്റ് ആവശ്യങ്ങൾക്കുള്ള 9070 അപേക്ഷകളും തീർപ്പുകൽപിക്കുവാനായി ബാക്കിയുണ്ട്. |
| (ബി) | റേഷൻകാർഡ് തയ്യാറാക്കൽ ജോലി ചെയ്തുവന്നിരുന്ന ഏജൻസി ഏതാണ്; ഏജൻസിയെ മാറ്റാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) ആണ് റേഷൻ കാർഡുകൾ തയ്യാറാക്കുന്നത്. 01.05.2012 മുതൽ ഒരു വർഷക്കാലത്തേയ്ക്ക് കൂടി സി-ഡിറ്റുമായുള്ള കരാർ തുടരാൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | റേഷൻകാർഡ് തയ്യാറാക്കിയ ഇനത്തിൽ ഏതെല്ലാം ഏജൻസികൾക്ക് തുക നല്കുവാനുണ്ടെന്ന് വിശദമാക്കാമോ? | (സി) | സി-ഡിറ്റിന് തുക നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ